**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6622** **12.07.12 ൽ മറുപടിയ്ക്ക്**

**കൊടുവള്ളി ജെ.ആർ.ടി.ഒ. യ്ക്കെതിരെ പരാതി**

ചോദ്യം
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ഗവർണ്ണറുടെ മരണത്തെത്തുടർന്ന് അവധി പ്രഖ്യാപിച്ച ദിവസം (02-02-2012) രജിസ്ട്രേഷൻ നടപടികൾ നടക്കാതെവന്ന വാഹനങ്ങൾക്ക് കൊടുവള്ളി ജോയിന്റ് ആർ. ടി. ഒ. അടുത്ത ദിവസം 2000 രൂപ ഫൈൻ അകാരണമായി ചുമത്താൻ ശ്രമിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉന്നത ഇടപെടലിനെത്തുടർന്ന് അനാവശ്യ ഫൈൻ ഒഴിവാക്കിയെങ്കിലും, വാഹനങ്ങളുടെ ആർ. സി. ബുക്കുകൾ പിടിച്ചുവച്ചിട്ടുള്ള കാര്യം പരിശോധിക്കുമോ; | (ബി) യും (സി) യും (സി) | പരിശോധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അനാവശ്യമായി പിടിച്ചുവച്ചിട്ടുള്ള ആർ. സി. ബുക്കുകൾ ഉടമകൾക്ക് നല്കുവാൻ അടിയന്തിര നിർദ്ദേശം നല്കുമോ? | | |

സെക്ഷൻ ഓഫീസർ